(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-7/1405/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്

ഇടുക്കി, തൊടുപുഴ

Phone No : 04862 227332

*E-mail : doidk.ksad@kerala.gov.in*

തീയതി : 31.01.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുറപ്പുഴ ഗ്രാമപഞ്ചായത്ത്

സർ

വിഷയം :- പുറപ്പുഴ ഗ്രാമ പഞ്ചായത്ത് - 2017-2018 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

പകർപ്പ് : -

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3)കാര്യാലയ പകർപ്പ്.

<u>നം.കെ.എസ്.എ-ഐ.ഡി.കെ-7/1405/18</u> തീയതി : 31.01.2019

## <u>ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

**********************************

ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.06.2017 മുതൽ 16.12.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാ എൻക്വയറികൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി. ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.12.2018 മുതൽ 24.12.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം. റ്റി. സോമൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജിബി ഇ.വി. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എബി ഏബ്രാഹാം | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. മായാ കൃഷ്ണൻ | ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഏലിക്കുട്ടി മാണി | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി. സെൽമ പി. എച്ച്. | 01.04.2017 മുതൽ 31.03.2018 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. കിഷോർകുമാർ എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജോബി കെ. ജെ. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഡെൻസി ജോർജ്ജ് | 01.04.2017 മുതൽ 26.04.2017 വരെ |
| | ഡോ. സ്മിത ആർ. | 27.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. മിനി പി. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. രാധ വി. വി. | 01.04.2017മുതൽ 02.08.2017 വരെ |
| | ശ്രീ. ബി. സുധാകരൻ | 3.08.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. സുപ്രിയ ദേവി എസ്. പി. | 01.04.2017 മുതൽ 02.06.2017 വരെ |
| | ശ്രീ.നാരായണൻ നമ്പൂതിരി | 03.06.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. കട്ടിച്ചൻ എം. കല്ലട | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സുധർമണിയമ്മ എൽ. | 01.04.2017 മുതൽ 31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. വി. ജി. ശ്രീകുമാർ | 01.04.2017മുതൽ 31.03.2018 വരെ |
| | ശ്രീ. ജോസൻ മാത്യു | 01.04.2017മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ടോമി ജോസ് | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 13 | 2-1 | ഇ-ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. |
| 14 | 2-2 | മുൻ വർഷങ്ങളിലുൾപ്പടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു |

| | | |
|---|---|---|
| 15 | 3-1 | പച്ചക്കറി തൈ വിതരണം പദ്ധതിയുടെ നിർവ്വഹണത്തിൽ അപാകത |
| 16 | 3-2 | എ.ബി.സി. പ്രോഗ്രാം നിർവ്വഹണം നടത്തിയിട്ടില്ല. ചെലവ് തുക ₹1,00,000/- തടസ്സപ്പെടുത്തുന്നു |
| 17 | 3-3 | പൊതുമരാമത്ത് പ്രവൃത്തികളുടെ സെക്യൂരിറ്റി നിക്ഷേപം ഗ്രാമപഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തുന്നില്ല |
| 18 | 3-4 | അസി. എൻജിനിയറുടെ പദ്ധതി നിർവ്വഹണം – വിലയിരുത്തൽ |
| 19 | 3-5 | ആശ്രയപദ്ധതിയുടെ അക്കൗണ്ടിൽ ഗണ്യമായതുകയുടെ നീക്കിയിരിപ്പ് |
| 20 | 3-6 | ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല |
| 21 | 3-7 | മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല |
| 22 | 3-8 | പാലിയേറ്റീവ് കെയർ പ്രോജക്ട് - മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരുന്നില്ല |
| 23 | 3-9 | പൊതുടാപ്പുകളുടെ വെള്ളക്കരം സംബന്ധിച്ച് |
| 24 | 3-10 | തൊഴിലുറപ്പ് പദ്ധതി |
| 25 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 26 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 27 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 28 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 29 | 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 30 | 4-6 | ഓഡിറ്റ് റിക്കവറി |
| 31 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 32 | 4-8 | ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക |
| 33 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 34 | 4-10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 35 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 15.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 27.02.2018 തീയതിയിലെ 1-ാം തീരുമാനപ്രകാരവും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 15.05.2018 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.06.2018,12.06.2018 | കെ.എസ്.എ.ഐ.ഡി.കെ.3/677/ 2018(48) |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹29,32,314.19 |
| വരവ് | ₹3,24,65,329.00 |
| ആകെ | ₹3,53,97,643.19 |
| ചെലവ് | ₹3,31,91,489.00 |
| നീക്കിയിരിപ്പ് | ₹22,06,154.19 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | | 0 | 7939000 | 7939000 | 6724695 | 1214305 |
| വികസനഫണ്ട് – എസ്.സി.പി. | | 0 | 1237244 | 1237244 | 1181467 | 55777 |
| വികസനഫണ്ട് – ടി.എസ്.പി. | | 0 | 104957 | 104957 | 104650 | 307 |
| സംരക്ഷണഗ്രാന്റ് – റോഡ് | | 0 | 4389000 | 4389000 | 3117340 | 1271660 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | | 0 | 2591000 | 2591000 | 2591000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 3728493 | 3728493 | 3728493 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 739992 | 739992 | 739978 | 14 |
| സാക്ഷരത | | 30770 | 33523 | 64293 | 12 | 64281 |
| ദുരിതാശ്വാസനിധി | | 1117 | 0 | 1117 | 0 | 1117 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 10735133 | 10735133 | 10735133 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6140 | 1206911 | 1213051 | 1207131 | 5920 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | | |
| ഐ.സി.ഡി.എസ്. | | 273180 | 456201 | 729381 | 583416 | 145965 |
| നിർമ്മൽ പുരസ്കാർ | | 78449 | 0 | 78449 | 0 | 78449 |
| റ്റി.എസ്.സി.(ഒ.ഡി.എഫ്.) | | 465600 | 698400 | 1164000 | 425777 | 738223 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് | | 78 | 0 | 78 | 0 | 78 |

| | | | | | | |
|---|---|---|---|---|---|---|
| (ബി.പി.എൽ.) | | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | | |
| എം.എൽ.എ. ഫണ്ട് | | 1910 | 1054267 | 1056177 | 1051485 | 4692 |
| ശുചിത്വ മിഷൻ | | 411340 | 357845 | 769185 | 445677 | 323508 |
| ബയോഡൈവേഴ്സിറ്റി | | 0 | 420000 | 420000 | 0 | 420000 |
| ജോയിൻറ് വെഞ്ചർ അക്കൗണ്ട് | ജില്ലാപഞ്ചായത്ത് | 0 | 600000 | 600000 | 600000 | 0 |
| ബി-ഫണ്ട് | | 0 | 19001420 | 19001420 | 19001420 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 4500000 | 4500000 | 4500000 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1645529.45 | 6274724 | 7920253.45 | 6481912 | 293380.45 |
| | ട്രഷറി അക്കൗണ്ട് | 1226251 | 4735258 | 5961509 | 5815307 | 237 |
| തനത് ഫണ്ട് ഇ-പെയ്മെന്റ് | | 9880 | 0 | 9880 | 0 | 9880 |
| ഗുണഭോക്തൃ വിഹിതം | | 18659 | 287293 | 305952 | 302884 | 3068 |
| വിമുക്തി | | 0 | 12500 | 12500 | 11745 | 755 |
| കേരളോൽസവം | | 880 | 15000 | 15880 | 15000 | 880 |

കുറിപ്പ് :- ബാങ്ക് അക്കൌണ്ട് നം. = 1438341.45-1144961.00 = 293380.45

ട്രഷറി അക്കൌണ്ട് = 207039.00-206802.00 = 237.00

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 132 | 31397760 | 104 | 20083233 | | 28 | 78.78 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10735133 | 10735133 | 10735133 | 0 |
| ഭരണചെലവുകൾ | 6140 | 1206911 | 1213051 | 1207131 | 5920 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 15720 | 65 |
| കർഷക തൊഴിലാളി പെൻഷൻ | 3660500 | 303 |
| വിധവാപെൻഷൻ | 3459200 | 306 |
| വാർദ്ധക്യകാല പെൻഷൻ | 9854300 | 792 |
| വികലാംഗ പെൻഷൻ | 1381500 | 123 |
| അവിവാഹിതർക്കുള്ള പെൻഷൻ | 307600 | 25 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.12.2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹9,956/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ അക്കൌണ്ടിംഗ് സിസ്റ്റം-അപാകതകളോടുകൂടിയതാണ്. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ

വിശദാംശങ്ങൾ ഖണ്ഡിക 1-12ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി കൃത്യസമയത്ത് ജീവനക്കാരെ അറിയിക്കുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. കാഷ് കൈകാര്യം ചെയ്യുന്നതിൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. നികുതികൾ യഥാസമയം കളക്ട് ചെയ്യുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ നടത്തിയ പിരിവിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വസ്തുനികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവർത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ, തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല.

പ്രോജക്റ്റുകൾ അവലോകനം നടത്തുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്ത് വാഹനങ്ങളുടെ ഇന്ധന ക്ഷമതാ സർട്ടിഫിക്കററ് സൂക്ഷിക്കുകയോ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ആസ്തി രജിസ്റ്റർ, ക്യാഷ്ബുക്ക് എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുകയോ കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുകയോ ചെയ്യുന്നില്ല.

ഓഫീസ് പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

13 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസനം, ക്ഷേമം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13, 11.2018 | 10/2018 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2004-2005 മുതൽ 2008-2009 വരെ | 22.02.2010 മുതൽ 06.03.2010 വരെ | 10.04.2010 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

| | |
|---|---|
| 1) | വസ്തുനികുതി രജിസ്റ്റർ പ്രകാരമുള്ള വരവ് കുടിശിക തുകകളുമായി വാർഷിക |

| | |
|---|---|
| | കണക്കുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. |
| 2) | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ വാർഷിക കണക്കുകളിലെ തുകകളുടെ നിജ സ്ഥിതി പരിശോധിക്കുവാൻ സാധിച്ചില്ല. |
| 3) | മുൻ വർഷത്തെ വസ്തുനികുതി കുടിശികയിൽ പിരിഞ്ഞുകിട്ടാനുള്ള ₹3,12,603/- വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 4) | ബാലൻസ്ഷീറ്റിൽ സ്റ്റോക്ക് അക്കൗണ്ട് ചെയ്തിട്ടില്ല. |
| 5) | ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. |

## ഭാഗം-2
## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഇ-ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല

2013ലെ കേരള സ്റ്റോർ പർചേസ് മാനുവൽ ഖണ്ഡിക 7.22, 7.23 പ്രകാരം 1 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെയുള്ള ടെൻഡറുകൾക്ക് ടെൻഡർ തുകയുടെ 0.2% ഉം (മിനിമം ₹400/- പരമാവധി ₹1500/-) + വാറ്റ് ഉം 10 ലക്ഷത്തിന് മുകളിൽ ടെൻഡർ തുകയുടെ 0.15% ഉം(പരമാവധി ₹2500/-) + വാറ്റ് ഉം ടെൻഡർ ഫാറവില ഇനത്തിൽ ഇ-ടെൻഡർ സമ്പ്രദായം നടപ്പിലാക്കിയതിന്റെ ഫലമായി പുറപ്പുഴ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ടതാണ്. എന്നാൽ നിലവിൽ ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലേയ്ക്കാണ് വരവ് വെയ്ക്കുന്നത്. ഈ തുക ഗ്രാമപഞ്ചായത്തിന് അവകാശപ്പെട്ടതാണ്. ഇപ്രകാരം 2017-18 വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും ഇ-ടെൻഡർ ചെയ്ത ചുവടെ കൊടുക്കുന്ന മരാമത്തുവേലകളുടെ ടെൻഡർ ഫീയിനത്തിൽ ₹9,434/- ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ട്. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പ്രവൃത്തികളുടെ പേര് | എസ്റ്റിമേറ്റ് തുക ₹ | കരാറുകാരന്റെ പേര് | കറാറുകാരനിൽ നിന്നും ഈടാക്കി ജില്ലാപഞ്ചായത്തിൽ ഒടുക്കിയ ടെൻഡർ ഫോം വില |
|---|---|---|---|---|---|
| 1 | 122 | ഐക്കനാൽ റോഡ് കോൺക്രീറ്റിംഗ് | 150000 | ജിനുജോർജ് | 500 |
| 2 | 80 | ശാന്തിഗിരി ചൂരല്ലൂർ റോഡ് പുനരുദ്ധാരണം | 150000 | വിജുചാക്കോ | 500 |
| 3 | 111 | മാത്തിൽപറമ്പിൽ മ്യാലിൽ റോഡ് കോൺക്രീറ്റിംഗ് | 300000 | റോബി ബാബു | 600 |
| 4 | 120 | കൃഷിഭവൻ നെല്ലിത്താനം റോഡ് | 200000 | കെ.എ.സണ്ണി | 500 |

| | | | | | |
|---|---|---|---|---|---|
| | | കോൺക്രീറ്റിംഗ് | | | |
| 5 | 78 | വാലംപാറ ചിമ്മിനിക്കാട് റോഡ് കോൺക്രീറ്റിംഗ് | 125000 | വിജുചാക്കോ | 500 |
| 6 | 77 | കാരക്കുഴി മിച്ചഭൂമി നടപ്പാത കോൺക്രീറ്റിംഗ് | 125000 | വിജുചാക്കോ | 500 |
| 7 | 121 | വട്ടിനിപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് | 150000 | ജിനുജോർജ് | 500 |
| 8 | 97 | പഞ്ചായത്ത് അനക്സ് ബിൽഡിംഗ് പുനരുദ്ധാരണം | 1150000 | അനിൽകുമാർ എ.ബി | 2800 |
| 9 | 119 | നെടിയശാല പാലംകുന്നേൽ ഫുട്പാത്ത് | 350000 | കെ.എ.സണ്ണി | 784 |
| 10 | 79 | നയ്ക്കനാംകുഴി തീപ്പെട്ടി കമ്പനി റോഡ് കോൺക്രീറ്റിംഗ് | 275000 | വിജുചാക്കോ | 550 |
| 11 | 112 | പള്ളിക്കുന്നേൽ മേലേവെട്ടം റോഡ് കോൺക്രീറ്റിംഗ് | 300000 | താജ്.കെ | 600 |
| 12 | 66 | ആറ്റുപള്ളിപ്പാറ റോഡ് കോൺക്രീറ്റിംഗ് | 200000 | വിജുചാക്കോ | 500 |
| 13 | 129 | ചുണ്ടേക്കാട് മൂഞ്ഞനാട്ട് പീടിക റോഡ് കോൺക്രീറ്റിംഗ് | 300000 | ജിനുജോർജ് | 600 |
| | | | | ആകെ | 9434/- |

## 2-2 മുൻ വർഷങ്ങളിലുൾപ്പടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

*1. പഞ്ചായത്തിലെ വസ്തുനികുതി* പിരിവിനത്തിൽ മുൻവർഷങ്ങളിലുൾപ്പെടെ (സാംഖ്യ പ്രകാരം) താഴെ സൂചിപ്പിക്കുന്ന കുടിശ്ശിക തുക ഈടാക്കുവാനവശേഷിക്കുന്നു.

| | |
|---|---|
| പാർപ്പിടാവശ്യത്തിനുള്ളത്(തൻ വർഷം) | ₹204,122/- |
| പാർപ്പിടാവശ്യത്തിനുള്ളത്(കുടിശ്ശിക) | ₹51,531/- |

| | |
|---|---|
| പാർപ്പിടേതര ആവശ്യത്തിനുള്ളത്(തൻവർഷം) | ₹148,474/- |
| പാർപ്പിടേതര ആവശ്യത്തിനുള്ളത്(കുടിശ്ശിക) | ₹288,463/- |

കുടിശ്ശിക തുക കാലഹരണപ്പെടാതെ അടിയന്തിരമായി ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

*2. മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കാനവശേഷിക്കുന്നു*

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാനവശേഷിക്കുന്നു.

| ടവറിന്റെ വിവരം | 2017-18ൽ സഞ്ചയ പ്രകാരം ഈടാക്കാനവശേഷിക്കുന്ന തുക | റിമാർക്സ് മുൻ വർഷങ്ങളിലെ കുടിശ്ശിക |
|---|---|---|
| ബി.എസ്.എൻ.എൽ. | ₹12,565 | ₹50,260 |
| ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് | ₹3500 | ₹14,648 |

കുടിശ്ശിക തുക സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 9ന് തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## ഭാഗം-3
## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പച്ചക്കറി തൈ വിതരണം പദ്ധതിയുടെ നിർവ്വഹണത്തിൽ അപാകത

| | |
|---|---|
| പ്രോജക്ട് | S0057/18, പച്ചക്കറി തൈ വിതരണം |
| അടങ്കൽ | ₹1,50,000/- (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ബിൽ നം./തീയതി /തുക | 1/17-18/22.10.2017 ₹1,50,000/- |

പച്ചക്കറി തൈ വിതരണം എന്ന പദ്ധതിയിൽ പച്ചമുളക്, വഴുതന, കാബേജ്, തക്കാളി, മീറ്റർ പയർ എന്നിവ 9750 എണ്ണം വീതം ആകെ 68250 പച്ചക്കറി തൈകൾ, ഒന്നിന് ₹2.20/- നിരക്കിൽ സി.ആർ. ഹൈടെക് നെഴ്സറി, വാഴവര എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് ₹1,50,000/- നൽകിയിരിക്കുന്നു. ടി സ്ഥാപനത്തിൽ നിന്നും മൂന്ന് മുതൽ പത്ത് വരെ തൈകൾ അടങ്ങുന്ന ഡിസ്പോസിബിൾ പേപ്പർ ഗ്ലാസിൽ ആണ് തൈകൾ വിതരണം ചെയ്യുന്നത്. മേൽ പദ്ധതി പ്രകാരം വാങ്ങിയ 68250 തൈകൾ 75 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിരിക്കുന്നു. ഓരോ ഗുണഭോക്താക്കൾക്കും 50 മുതൽ 1500 വരെ തൈകൾ വിതരണം ചെയ്തതായി രേഖകളിൽ കാണുന്നു. ഇതിൽ 49 ഗുണഭോക്താക്കൾ 1000 മുതൽ 1500 വരെ തൈകൾ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ സാഹചര്യത്തിൽ

തൈകളുടെ വിതരണം സംബന്ധിച്ച് കൃഷി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ സാമ്പിളായി തെരഞ്ഞെടുത്ത 10 ഗുണഭോക്താക്കളെ നേരിൽക്കണ്ട് നടത്തിയ പരിശോധനയിൽ താഴെ പറയുന്ന വിവരം ലഭ്യമായി. ഡിസ്പോസിബിൾ പേപ്പർ ഗ്ലാസിലാണ് തൈകൾ വിതരണം ചെയ്തിരിക്കുന്നത് എന്നതിനാൽ ഒരു പേപ്പർ ഗ്ലാസ്സിൽ പരമാവധി ഉണ്ടാകാവുന്ന തൈകളുടെ എണ്ണം (10 എണ്ണം) കണക്കിലെടുത്താണ് യഥാർത്ഥത്തിൽ ഗുണഭോക്താക്കൾക്ക് ലഭിച്ച തൈകളുടെ എണ്ണം തിട്ടപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | പേരും മേൽവിലാസവും | നൽകിയ തൈകളുടെ എണ്ണം (കൈപ്പറ്റ് രേഖ പ്രകാരം ) | ഗുണഭോക്താക്കൾ നേരിട്ട് അറിയിച്ചത് പ്രകാരം കൈപ്പറ്റിയ തൈകളുടെ എണ്ണം | നൽകിയ തൈകളുടെ എണ്ണത്തിലുള്ള കുറവ് |
|---|---|---|---|---|
| 1 | രാധാ രമണൻ ആടാപുരത്ത്, വഴിത്തല പി.ഒ. | 1500 | 200 | 1300 |
| 2 | ജോയി ഫിലിപ്പ് മുണ്ടയ്ക്കൽ, വഴിത്തല | 1500 | ലഭിച്ചിട്ടില്ല | 1500 |
| 3 | കെ.ജി.രാജപ്പൻ നായർ കുന്നത്തേൽ, വഴിത്തല, പുറപ്പുഴ പി.ഒ. | 1500 | 200 | 1300 |
| 4 | മോളി മാത്യു, മിച്ചനാട്ട്, പുറപ്പുഴ | 800 | 250 | 550 |
| 5 | സുരേന്ദ്രൻ കെ.ബി., കുറുമുള്ളിൽ, പുറപ്പുഴ | 1200 | ലഭിച്ചിട്ടില്ല | 1200 |
| 6 | പ്രേംജി ജോസഫ്, ചെന്നാക്കുഴി പുറപ്പുഴ | 1000 | 150 | 850 |
| 7 | എൽസീന ജോർജ്, കാവുപുരയ്ക്കൽ, പുറപ്പുഴ | 1000 | 250 | 750 |
| 8 | റോസമ്മ സ്കറിയ, വേങ്ങയിൽ, നെടിയശാല | 1500 | 200 | 1300 |
| 9 | ഗ്രേസി ജോസഫ്, വാഴേപ്പറമ്പിൽ, നെടിയശാല പി.ഒ. | 1500 | ലഭിച്ചിട്ടില്ല | 1500 |
| 10 | തോമസ് കുരുവിള നന്തലത്ത്, വഴിത്തല | 1000 | 300 | 700 |
| ആകെ | | 12500 | 1550 | 10950 |

നേരിട്ട് നടത്തിയ പരിശോധനയിൽ രേഖകൾ പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഗുണഭോക്താക്കൾക്ക് നൽകിയതുമായ പച്ചക്കറി തൈകളിൽ വലിയ വ്യതിയാനം കാണുന്നു. ഇക്കാര്യത്തിൽ വിശദീകരണം ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് സമഗ്രമായ

അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 വിനിയോഗ വിവരം ലഭ്യമാക്കിയില്ല - ചെലവ് തുക ₹1,00,000/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് | S0005/18, എ.ബി.സി. പ്രോഗ്രാം |
| അടങ്കൽ | ₹1,00,000/- (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ബിൽ നം./തീയതി /തുക | 2/17-18/14.08.2017 ₹1,00,000/- |

സാമൂഹ്യ സുരക്ഷ വിപത്തായി മാറിയിരിക്കുന്ന തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി ഇടുക്കി ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന എ.ബി.സി. പദ്ധതിക്കായി മേൽസൂചിത ബിൽ പ്രകാരം ₹1,00,000/- ട്രഷറിയിൽ നിന്ന് പിൻവലിച്ച് ജില്ലാപഞ്ചായത്തിന് നൽകിയിരിക്കുന്നു. എന്നാൽ പദ്ധതി നിർവ്വഹണം നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണ സാക്ഷ്യപത്രം ലഭ്യമാക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തുക ₹1,00,000/- ട്രഷറിയിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പൊതുമരാമത്ത് പ്രവൃത്തികളുടെ സെക്യൂരിറ്റി നിക്ഷേപം ഗ്രാമപഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തുന്നില്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി 2017-18 വർഷം സെക്യൂരിറ്റി നിക്ഷേപമായി ലഭിക്കുന്ന സ്ഥിര നിക്ഷേപ രസീതുകൾ അസി. എൻജിനീയർ കൈവശം വച്ചിരിക്കുന്നു. തൻവർഷം സെക്യൂരിറ്റി നിക്ഷേപമായി ലഭിച്ച തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തികളുടെ പേര് | പ്രോജക്റ്റ് നമ്പർ | കരാറുകാരന്റെ പേര് | ഈടാക്കിയ സെക്യൂരിറ്റി നിക്ഷേപ തുക ₹ |
|---|---|---|---|---|
| 1 | ആറ്റുപള്ളിപ്പുറം റോഡ് കോൺക്രീറ്റിംഗ് | 66 | വിജു ചാക്കോ | 9100 |
| 2 | കടറുകുഴി റോഡ് പുനർ നിർമ്മാണം | 77 | വിജു ചാക്കോ | 6900 |
| 3 | വാല്യംപാറ ചിമ്മിനികാട് റോഡ് | 78 | വിജു ചാക്കോ | 5700 |
| 4 | നയ്യനാംകുഴി തീപ്പെട്ടികമ്പനി റോഡ് പുനർ നിർമ്മാണം | 79 | വിജു ചാക്കോ | 12500 |
| 5 | ശാന്തിഗിരി ചൂരല്ലൂർ റോഡ് പുനർ നിർമ്മാണം | 80 | വിജു ചാക്കോ | 5700 |
| 6 | തെങ്ങുംപള്ളി അങ്കണവാടി | 137 | ഡൊമിനിക് | 7500 |

| | | | | |
|---|---|---|---|---|
| | പുനർനിർമ്മാണം | | മാത്യു | |
| 7 | കുര്യനാൽകുന്ന് ചാനൽ നിർമ്മാണം | 99 | ഡൊമിനിക് മാത്യു | 5000 |
| 8 | തോയിപ്ര അങ്കണവാടി പുനർനിർമ്മാണം | 134 | കെ. സലീംകുമാർ | 9000 |
| 9 | മഠം ഇരുട്ടുതോട് സംരക്ഷണഭിത്തി കെട്ടൽ | 81 | കെ. സലീംകുമാർ | 10000 |
| 10 | ശാന്തിഗിരി ചെക്ക്ഡാം മെയിന്റനൻസ് | 116 | റോയി ബേബി | 5000 |
| 11 | ശാന്തിഗിരി അങ്കനവാടി മെയിന്റനൻസ് | 135 | മന ചന്ദ്രൻ | 4500 |
| 12 | കാരിക്കൊമ്പ് അങ്കനവാടി മെയിന്റനൻസ് | 132 | ചന്ദ്രബോസ് എൻ. | 2100 |
| 13 | ആയുർവ്വേദാശുപത്രി ലേഡീസ് ടോയ് ലെറ്റ് നിർമ്മാണം | 92 | ചന്ദ്രബോസ് എൻ. | 14000 |
| 14 | ആയുർവ്വേദാശുപത്രി പൊതു ടോയ് ലെറ്റ് നിർമ്മാണം | 95 | ചന്ദ്രബോസ് എൻ. | 8000 |
| 15 | കൊടികുത്തി അങ്കണവാടി മെയിന്റനൻസ് | 133 | ചന്ദ്രബോസ് എൻ. | 3750 |
| 16 | നല്ലാനിപ്പാറേക്കവല വെളിയാത്തു റോഡ് കോൺക്രീറ്റിംഗ് | 75 | ബിജു പീറ്റർ | 34200 |
| 17 | മൂഞ്ഞേനാട്ട് പീടിക തെക്കുനാനിപ്പാറ റോഡ് കോൺക്രീറ്റിംഗ് | 65 | ബിജു പീറ്റർ | 18200 |
| 18 | ഭിന്നശേഷിയുള്ളവർക്ക് സ്വയംതൊഴിൽ സംരംഭം | 107 | ബിജു എം. ബി | 15000 |
| 19 | കൃഷിഭവൻ നെല്ലിത്താനം റോഡ് കോൺക്രീറ്റിംഗ് | 120 | കെ. എ. സണ്ണി | 10000 |

| | | | | |
|---|---|---|---|---|
| | | | | |
| 20 | ഇരുട്ട്തോട് വെയിറ്റിംഗ് ഷെഡ് മെയിന്റനൻസ് | 103 | ഡൊമിനിക് മാത്യു | 3125 |
| 21 | വെയിറ്റിംഗ് ഷെഡ് മെയിന്റനൻസ് | 102 | ഡൊമിനിക് മാത്യു | 3150 |
| 22 | നെടിയശാല പാലംകുന്നേൽ ഫുട്പാത്ത് കോൺക്രീറ്റിംഗ് | 119 | കെ. എ. സണ്ണി | 17500 |
| 23 | വഴിത്തലപ്പാറ ചെക്ക്ഡാം മെയിന്റനൻസ് | 118 | കെ. എ. സണ്ണി | 18500 |
| 24 | ആറ്റുവള്ളിപ്പാറ റോഡ് കോൺക്രീറ്റിംഗ് | 143 | വിജു ചാക്കോ | 5600 |
| 25 | മെറ്റീരിയൽ റൂം നിർമ്മാണം | 142 | അനിൽകുമാർ എ. ബി. | 25000 |
| 26 | പഞ്ചായത്ത് അനക്സ് ബിൽഡിംഗ് പുനരുദ്ധാരണം | 104 | അനിൽകുമാർ എ. ബി. | 14000 |
| 27 | ഘടകസ്ഥാപനങ്ങളുടെ മെയിന്റനൻസ് | 197 | അനിൽകുമാർ എ. ബി. | 57500 |
| 28 | ഇരുട്ടുതോട് അംഗൻവാടി പുനരുദ്ധാരണം | 131 | അനിൽകുമാർ എ. ബി. | 3500 |
| 29 | തറവട്ടം അംഗൻവാടി പുനരുദ്ധാരണം | 136 | അനിൽകുമാർ എ. ബി. | 1500 |
| 30 | പള്ളികുന്നേൽ മേലേവട്ടം റോഡ് കോൺക്രീറ്റിംഗ് | 112 | ടാജ് കെ. | 15000 |
| 31 | മടത്തിപ്പറമ്പിൽ മ്യാലിൽ റോഡ് കോൺക്രീറ്റിംഗ് | 111 | റോബി ബേബി | 15000 |
| 32 | വട്ടാനിപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് | 121 | ജിനു ജോർജ് | 2800 |

| | | | | |
|---|---|---|---|---|
| 33 | ഐക്കനാൽ റോഡ് കോൺക്രീറ്റിംഗ് | 122 | ജിനു ജോർജ് | 12000 |
| 34 | കൊടികത്തി വെള്ളനീക്കിപ്പാറ റോഡ് കോൺക്രീറ്റിംഗ് | 127 | ജിനു ജോർജ് | 30000 |
| 35 | ചുണ്ടേക്കാട് മുഞ്ഞനാട്ട് പീടിക റോഡ് കോൺക്രീറ്റിംഗ് | 129 | ജിനു ജോർജ് | 15000 |
| 36 | മറ്റത്തിപീടിക കരിശുപള്ളി റോഡ് കലുങ്ക്, സൈഡ് പ്രൊട്ടക്ഷൻ വാൾ | 123 | ബിജു പീറ്റർ | 20000 |
| 37 | എസ്.എൻ. പുരം അമ്പലം റോഡ് റീ ടാറിംഗ് | 124 | ബാബു കെ. എസ് | 7500 |
| 38 | കൃഷിഭവൻ മിച്ചനാട് റോഡ് ടാറിംഗ് | 126 | ബാബു കെ. എസ് | 10000 |
| 39 | നെടിയശാല മൂന്നാംമൈൽ റോഡ് ടാറിംഗ് | 110 | ബാബു കെ. എസ് | 27500 |
| 40 | ഇടയാടി ലക്ഷം കവല റോഡ് റീടാറിംഗ് | 113 | ബാബു കെ. എസ് | 20000 |
| 41 | പുറപ്പുഴ മൂവേലിൽ റോഡ് റീ ടാറിംഗ് | 114 | ബാബു കെ. എസ് | 25000 |
| 42 | വാഴേക്കവല തെങ്ങുംപള്ളി റോഡ് റീ ടാറിംഗ് | 115 | ബാബു കെ. എസ് | 15000 |
| 43 | അമ്പാട്ടുകണ്ടം കണ്ണാടിക്കണ്ടം റോഡ് റീ ടാറിംഗ് | 125 | ബാബു കെ. എസ് | 15000 |
| 44 | നായർ കോളനി കോൺക്രീറ്റിംഗ് | 130 | ബാബു കെ. എസ് | 15000 |
| 45 | കുണിഞ്ഞിപ്പാലം തെങ്ങുംപള്ളി റോഡ് ടാറിംഗ് | 128 | ബാബു കെ. എസ് | 15000 |
| 46 | ഇരുട്ട്തോട് ലക്ഷംകവല പുറപ്പുഴ എൽ.പി.എസ്. റോഡ് | 69 | ബാബു കെ. എസ് | 6400 |

| | | | | |
|---|---|---|---|---|
| 47 | സി.എച്ച്.സി. പള്ളിമുകൾ റോഡ് കോൺക്രീറ്റിംഗ് | 151 | കെ. സലീംകുമാർ | 11500 |
| 48 | കക്കുഴി വാലമ്പാറ റോഡ് കലുങ്ക് നിർമ്മാണം | 150 | അരുൺ വി. ദേവ് | 11500 |
| 49 | പാറേപ്പീടിക കരിനാൽകുന്ന് റോഡ് ടാറിംഗ് | 149 | ബാബു കെ. എസ് | 11000 |
| 50 | നെടിയശാല മൂന്നാംമൈൽ റോഡ് ടാറിംഗ് | 147 | ബാബു കെ. എസ് | 12000 |
| 51 | മുണ്ടുനട തേനിരിക്കൽ റോഡ് റീ ടാറിംഗ് | 148 | ബാബു കെ. എസ് | 12250 |
| 52 | പഞ്ചായത്ത് ഓഫീസ് വയറിംഗ് മെയിന്റനൻസ് | 146 | കെ. റ്റി. ഷാജി | 4750 |
| 53 | പഞ്ചായത്ത് ഓഫീസ് ഫീഡിംഗ് റൂം നിർമ്മാണം | 153 | അനിൽകുമാർ എ. ബി. | 1000 |
| 54 | കുറിഞ്ഞി ഡിസ്പെൻസറിക്ക് ടോയ് ലെറ്റ് സൌകര്യം ഒരുക്കൽ | 156 | അനിൽകുമാർ എ. ബി. | 12500 |
| 55 | കാരക്കുന്നേൽ നടപ്പാത കോൺക്രീറ്റിംഗ് | 152 | അനിൽകുമാർ എ. ബി. | 1000 |
| 56 | പഞ്ചായത്ത് ഓഫീസ് മുറ്റം ടൈൽ ഇടൽ | 145 | അനിൽകുമാർ എ. ബി. | 7500 |
| | | | ആകെ | 686725 |

നാളിതുവരെ കൈവശമുള്ള സെക്യൂരിറ്റി നിക്ഷേപത്തിന്റെ പൂർണ്ണമായ കണക്കുകൾ പരിശോധിച്ച് ഉറപ്പുവരുത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 അസി.എൻജിനിയറുടെ പദ്ധതി നിർവ്വഹണം - വിലയിരുത്തൽ

അസി. എൻജിനിയർ മുഖേന നടപ്പാക്കുന്നതിന് തൻവർഷം 81 പ്രോജക്ടുകൾ ആസൂത്രണം ചെയ്തതിൽ 56 എണ്ണം മാത്രമാണ് പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയത്. ലഭ്യമായ തുകയുടെ 64% മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. പൂർത്തിയാക്കാത്ത 25എണ്ണത്തിൽ എല്ലാം തന്നെ 2018-19 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തുകയും ഇവയിൽ 7 എണ്ണം ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ പദ്ധതികൾ സമയബന്ധിതവും കാര്യക്ഷമവുമായി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് /മോണിട്ടറിംഗ് സമിതികളുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-5 ആശ്രയപദ്ധതിയുടെ അക്കൗണ്ടിൽ ഗണ്യമായതുകയുടെ നീക്കിയിരിപ്പ്

ദാരിദ്ര നിർമ്മാർജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്കുവേണ്ടി ആശ്രയ എന്ന സ്പഷ്ടമായ പ്രോജക്ട് തയ്യാറാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആശ്രയ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടം പ്രോജക്ടുകൾക്ക് വേണ്ടി നൽകിയ തുക നാളിതുവരെയും ചെലവഴിക്കാതെ ബാങ്ക് അക്കൌണ്ടിൽ അവശേഷിക്കുന്നു. ആശ്രയ അക്കൗണ്ടിൽ രണ്ട് ഘട്ട പ്രോജക്ടുകളിലായി യഥാക്രമം ₹5,37,036/-യും ₹7,52,377/-യും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. തൻവർഷം ₹1,00,000/- വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കുടുംബശ്രീക്ക് നൽകിയിട്ടുള്ളത് വീട് അറ്റകുറ്റപണികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ദരിദ്രരുടെ ഉന്നമനത്തിനായി നീക്കിവയ്ക്കുന്ന തുക ചെലവഴിക്കാതെ അക്കൗണ്ടിൽ ഇട്ടിരിക്കുന്നത് ശരിയായ നടപടിയല്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം സൂചിപ്പിച്ചിരുന്നെങ്കിലും ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടില്ല. അഗതികളുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

<u>നീക്കിയിരിപ്പ് തുകയുടെ വിശദാംശം</u>

| പദ്ധതിയുടെ പേര് | ഐ.ഡി.സി.ബി. അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് തുക ₹ | നീക്കിയിരിപ്പ് തീയതി |
|---|---|---|---|
| ആശ്രയപദ്ധതി ഒന്നാം ഘട്ടം | 120171201200003 | 537036 | 28.03.2018 |
| ആശ്രയപദ്ധതി രണ്ടാം ഘട്ടം | 120171201220001 | 752377 | 24.03.2018 |
| | ആകെ | 1289413 | |

## 3-6 ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല

13.01.2010 ലെ സർക്കുലർ നമ്പർ 58608/ഡി.ബി.2/2009/ത.സ്വ.ഭവ പ്രകാരം ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല്

രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ് നകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യ സംസ്കരണം, ജംഗമ വസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തിരജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ല

സെക്രട്ടറി, മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലൊന്നും തന്നെ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടക്കുന്നില്ല. തെരുവ് വിളക്ക് സ്ഥാപിക്കൽ, സൈക്കിൾ വാങ്ങൽ, ലാപ്ടോപ്പ് വാങ്ങൽ തുടങ്ങിയ പ്രൊജക്ടുകൾ ടെണ്ടർ നടപടികളിലൂടെ നടപ്പാക്കിയിട്ടുണ്ടെങ്കിലും പദ്ധതികളുടെ വിവരം മോണിട്ടറിംഗ് സമിതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും മോണിട്ടറിംഗ് സമിതിയുടെ ഇടപെടലുകൾ അനിവാര്യമാണ്. എല്ലാ സ്ററാൻഡിംഗ് കമ്മിറ്റികളുടെയും വിശിഷ്യാ വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## 3-8 പാലിയേറ്റീവ് കെയർ പ്രോജക്ട് - മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരുന്നില്ല

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ് (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23.08.2012-ലെ ജി.ഒ(എം.എസ്)228/2012 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 2.3 കാണുക). ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ സെക്രട്ടറിയും ഭരണ സമിതിയംഗങ്ങൾ, സി.ഡി.എസ്. ഭരണ സമിതിയംഗങ്ങൾ, ഇതര വിഭാഗം മെഡിക്കൽ ഓഫീസർമാർ തുടങ്ങിയവർ അംഗങ്ങളുമായ പ്രസ്തുത കമ്മിറ്റി 3 മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത കമ്മിറ്റി നിർജ്ജീവമാണെന്ന് രേഖകൾ വെളിവാക്കുന്നു. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ സജീവ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-9 പൊതുടാപ്പുകളുടെ വെള്ളക്കരം സംബന്ധിച്ച്

പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം തുകയായി 74 ടാപ്പുകൾക്ക് ₹32,375/-യാണ് പ്രതിമാസം അടവാക്കുന്നത്. ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ 74 പൊതുടാപ്പുകളിൽ 14 അംഗൻവാടി കണക്ഷനും ഇതിൽ ഉൾപ്പെടുന്നു എന്നും കണ്ടെത്തി. എന്നാൽ പഞ്ചായത്തിൽ നിന്നും വാട്ടർ അതോറിറ്റിക്ക് 22/7/16ൽ അയച്ച ജി1-2420/2010 കത്തിൽ 14 അംഗൻവാടികൾക്കും പ്രത്യേകം മീറ്റർ വയ്ക്കുകയും 2/2015 മുതൽ ₹2,828/- വെള്ളക്കരം ഇനത്തിൽ അടവാക്കുന്നു എന്നും അതിനാൽ പൊതുടാപ്പിൽ ഉൾപ്പെട്ടിരിക്കുന്ന 14 അംഗൻവാടികളുടെ വെള്ളക്കരം കുറവ് ചെയ്ത് 60 ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിനുള്ള ബില്ല് നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ 14 അംഗൻവാടികളുടെയും വെള്ളക്കരം വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുകയും പഞ്ചായത്തിൽ നിന്ന് ഒടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 14 അംഗൻവാടികൾക്ക് മാസം 2 പ്രാവശ്യം ബിൽ അടവാക്കുന്നുണ്ട്. ഇത് സംബന്ധിച്ച എൻക്വയറി 12 ന്, വാട്ടർ അതോറിറ്റിക്ക് കത്ത് നൽകി പൊതുടാപ്പുകൾ ഏതെല്ലാമാണെന്ന് കണ്ടെത്തി അറിയിക്കാം എന്ന മറുപടിയാണ് ലഭ്യമാക്കിയത്. വിശദമായ അന്വേഷണം നടത്തി ബിൽ തുക കൂടുതൽ അടവാക്കിയിട്ടുണ്ടെങ്കിൽ അടുത്ത ബില്ലുകളിൽ തുക കുറവ് ചെയ്ത് കൂടുതൽ അടവാക്കിയ തുക ക്രമീകരിക്കേണ്ടതാണ്.

## 3-10 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18ൽ 112 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. 3 കുടുംബങ്ങളുടെ തൊഴിൽ കാർഡ് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. 739 കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലിന് അപേക്ഷിക്കുകയും 592 കാർഡുകളിലായി 37182

തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. 2017-18ൽ 172 കുടുംബങ്ങൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 600000 | പാലിന് സബ്സിഡി | 600000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി പുറപ്പുഴ | തെരുവ് വിളക്ക് നിലവിലുള്ള ലൈനിൽനിന്ന് സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രത്യേകം ലൈൻ വലിക്കൽ | റ്റി.സി 21700794 തി.19.10.17 | 199940 | 199940 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

- ഇല്ല -

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം |
|---|---|---|---|---|---|

| | തീയതി | | തുക | മുതൽ | പലിശ | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ.(സാധാ) നം.510/2010/ തസ്വഭവ. തീയതി 17.02.2010 | 5400000 | 920000 | 540000 | - | 380000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

– ഇല്ല –

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക

എ. ചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക

– ഇല്ല –

ബി. സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തക | ഈടാക്കിയ തുക | | | |
| | പുറപ്പുഴ ഗ്രാമ പഞ്ചായത്ത് | 2005-06 | 3-9(1) part | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./C1/09 Dt. 10.01.2013 | 2819 | ഇല്ല | - | - | - | - | 2819 | - |
| | | 2005-06 | 3-9(2) part | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./C1/09 Dt. 10.01.2013 | 5199 | ഇല്ല | - | - | - | - | 5199 | - |
| | | 2005-06 | 3-9 പാർട്ട് 3 | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./C1/09 Dt. 10.01.2013 | 2078 | ഇല്ല | - | - | - | - | 2078 | - |
| | | 2005-06 | 3-9 പാർട്ട് 4 | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./C1/09 Dt. 10.01.2013 | 526 | ഇല്ല | - | - | - | - | 526 | - |
| | | 2005-06 | 3-9(3) | ജിജി തോമസ്, | LF 21176/ Spel. Cell/ | 2078 | - | - | - | - | - | 2078 | - |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | അസി. എൻജിനീയർ | C.Sc./C1/09 Dt. 10.01.2013 | | | | | | | | |
| | | 2005-06 | 3-9(4) | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./C1/09 Dt. 10.01.2013 | 526 | - | - | - | - | - | 526 | - |
| | | 2005-06 | 3-9(1) part | റോയ് ഐസക്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./C1/09 Dt. 24.08.2013 | 2819 | - | - | - | - | - | 2819 | - |
| | | 2005-06 | 3-9(2) part | റോയ് ഐസക്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./C1/09 Dt. 24.08.2013 | 5199 | - | - | - | - | - | 5199 | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹3,24,65,329 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹3,31,91,489 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1,00,000 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

- ഇല്ല –

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 100000 | ഡോ. ജോബി കെ.ജെ വെറ്ററിനറി സർജൻ |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല –

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| ഡോ. ജോബി കെ. ജെ.<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>പുറപ്പുഴ ഗ്രാപഞ്ചായത്ത് | കുളങ്ങരകുടിയിൽ<br>വാളറ പി. ഒ.<br>ഇരുമ്പുപാലം<br>ഇടുക്കി ജില്ല |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും<br>ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് (എണ്ണം) | ഖണ്ഡിക |
|---|---|---|---|
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ7/691/<br>2018/10.05.2018 | 1 | 3-9 |
| 2006-07 | എൽ.എഫ്.ഐ.10/30/13/07.02.2013 | 15 | 2-1, 2-2(എ), 2-3, 2-6, 3-1<br>മുതൽ 3-11 വരെ |
| 2007-08 | എൽ.എഫ്.ഐ.10/1195/11/07.01.2012 | 10 | 2-3(1, 2), 2-4, 2-10,<br>3-1, 3-6 മുതൽ 3-11 വരെ |
| 2008-09 | എൽ.എഫ്.ഐ.10/656/12/03.08.2012 | 6 | 2-3, 2-4, 2-5, 3-3,<br>3-4, 3-5 |
| 2009-10 | എൽ.എഫ്.ഐ.10/984/16/26.12.2016 | 5 | 3-1, 3-2, 3-3, 3-4,<br>3-6 |
| 2010-11<br>&<br>2011-12 | എൽ.എഫ്.ഐ.10/375/17/18.04.2017 | 5 | 2-3, 2-4(ബി), 3-3,<br>3-11, 3-13 |
| 2012-13<br>&<br>2013-14 | എൽ.എഫ്.ഐ.7/288/15/10.06.2015 | 8 | 2-2, 2-3, 3-2, 3-3,<br>3-4, 3-6, 3-7, 3-8 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-7/738/17<br>01.08.2017 | 1 | 3-5 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ7/1319/<br>2017/05.12.2017 | 6 | 2-1, 2-2, 2-5, 3-2,<br>3-3, 3-5 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## <u>അനുബന്ധം - 1</u>

### <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

<u>നം.കെ.എസ്.എ-ഐ.ഡി.കെ-7/1405/18</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്

ഇടുക്കി, തൊടുപുഴ

Phone No : 04862 227332

*E-mail : doidk.ksad@kerala.gov.in*

തീയതി : 31.01.2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ (സാധാ)1413/2018 /ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി